# പരിസര പഠനം


## 2. ഇലയ്ക്കുമുണ്ട് പറയാൻ

**STD:4**

**16-8-2021**

### പ്രവർത്തനം 1

### ചെടിയുടെ ഭാഗങ്ങൾ അടയാളപ്പെടുത്തുക



- **മണ്ണിനടിയിൽ കാണപ്പെടുന്ന ചെടിയുടെ ഭാഗം ഏതാണ് ?**

### പ്രവർത്തനം2 നിരീക്ഷണക്കുറിപ്പ് തയ്യാറാക്കുക .

**പരിസരനടത്തത്തിലൂടെ തുമ്പ ,തുളസി ,പുൽച്ചെടികൾ തുടങ്ങി വ്യത്യസ്ത തരം സസ്യങ്ങൾ ശേഖരിക്കൂ. ചെടികൾ സൂക്ഷിച്ച് വേരുകൾ പൊട്ടിപ്പോകാതെ പിഴുതെടുക്കുക .അവയുടെ വേരുകൾ നിരീക്ഷിക്കുക.**

**എല്ലാ ചെടികളുടെയും വേരുകൾ ഒരുപോലെയാണോ ?**

**ഒരേപോലെയുള്ള വേരുകൾ തരംതിരിച്ചു കൂട്ടങ്ങളാക്കുക .**

**ഓരോ കൂട്ടത്തിന്റെയും വേരുകളുടെ പ്രത്യേകതകൾ കണ്ടെത്തി നിരീക്ഷണക്കുറിപ്പ് തയ്യാറാക്കുക .**

## നിരീക്ഷണക്കുറിപ്പ് .

| ഒന്നാമത്തെ കൂട്ടം ചെടികളുടെ വേരുകളുടെ പ്രത്യേകതകൾ | രണ്ടാമത്തെ കൂട്ടം ചെടികളുടെ വേരുകളുടെ പ്രത്യേകതകൾ |
|---|---|
| * തണ്ടിന്റെ തുടർച്ചയായി ഒരു വണ്ണമുള്ള വേര് .<br>* ...............................................<br>* ............................................... | *<br>*<br>* |

## പ്രവർത്തനം3

**മിസ്ന നിരീക്ഷിച്ച ചെടികളുടെ  വേരുകളുടെ പ്രത്യേകതകൾ പരിശോധിക്കൂ.**



മുളക് ചെടി



മുത്തങ്ങ പുല്ല്

**മിസ്നയുടെ നിരീക്ഷണക്കുറിപ്പുകൾ  താഴെ കൊടുത്തിരിക്കുന്നു .**

### മിസ്നയുടെ നിരീക്ഷണക്കുറിപ്പുകൾ

ഒരു കൂട്ടം സസ്യങ്ങളിൽ കാണ്ഡത്തിന്റെ ചുവട്ടിൽ നിന്ന് താഴേക്ക് വണ്ണമുള്ള ഒരു വേരു കാണുന്നു. ആ വേരിൽ നിന്ന് കുറെ വേരുകൾ വളർന്നിരിക്കുന്നു. വണ്ണമുള്ള വേര് നീളം കൂടിയതാണ്.

മറ്റൊരുകൂട്ടം സസ്യങ്ങളിൽ കുറെയധികം വേരുകൾ ചെടിയുടെ കാണ്ഡത്തിന്റെ ചുവട്ടിൽ നിന്ന് വളർന്നതായി കാണുന്നു. എല്ലാ വേരുകളും ഒരുപോലെയുള്ളവയാണ്. വേരുകൾ വണ്ണം കുറഞ്ഞവയാണ്.

അവളുടെ നിരീക്ഷണ കുറിപ്പുകൾ വായിച്ചു അവയെ അനുയോജ്യമായ കോളങ്ങളിൽ എഴുതുക.


| മുത്തങ്ങ പുല്ല് | മുളക് ചെടി |
|---|---|
| | |

മിസ്നയുടെ നിരീക്ഷണക്കുറിപ്പ് വായിച്ചില്ലേ ? നിങ്ങളുടെ കുറിപ്പുമായി താരതമ്യം ചെയ്യുക .


- നിങ്ങൾക്ക് എത്ര തരം വേരുകൾ കണ്ടെത്താൻ കഴിഞ്ഞു ?

**പ്രവർത്തനം4**

താഴെ കൊടുത്തിരിക്കുന്ന വേരുപടലങ്ങളുടെ ചിത്രങ്ങൾ നോട്ട്ബുക്കിൽ വരയ്ക്കുക .



തായ് വേരുപടലം



നാരുവേരുപടലം

- തായ് വേരുപടലവും നാരുവേരുപടലവും തമ്മിലുള്ള വ്യത്യാസങ്ങൾ നോട്ടുബുക്കിൽ പട്ടികയായി രേഖപ്പെടുത്തൂ

| തായ് വേരുപടലം | നാരുവേരുപടലം |
|---|---|
| | |

## പ്രവർത്തനം5

**താഴെ കൊടുത്തിരിക്കുന്ന സസ്യങ്ങളുടെ വേരുകൾ നിരീക്ഷിച്ച് തരംതിരിച്ചു പട്ടിക.**




കവുങ്ങ്



കറിവേപ്പ്



മുള



പുല്ല്



ചീര



തെങ്ങ്

| താായ്‌വേരുപടലം | നാരുവേരുപടലം |
| --- | --- |
| | |

- **വിവിധ തരം ഉണങ്ങിയ സസ്യങ്ങളുടെ വേരുപടലങ്ങൾ ശേഖരിച്ച് ഒരു ആൽബം തയ്യാറാക്കൂ.**